II ശ്രദ്ധക്ഷണിക്കൽ

(1) കാർഷികോല്പന്നങ്ങളുടെ സംഭരണം

ശ്രീ. പി. സി. ജോർജ്: കേരളത്തിലെ ജനവിഭാഗങ്ങളിൽ 70 ശതമാനത്തോളം വരുന്ന കർഷകരുടെ പ്രശ്നങ്ങൾ ഈ സഭയുടെ മുമ്പിൽ ചർച്ച ചെയ്യപ്പെട്ട കാര്യം തന്നെയാണ്. ഇന്ന് കാർഷിക മേഖലയിലുണ്ടായിരിക്കുന്ന
9.30 A.M.] ബുദ്ധിമുട്ടുകൾ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും അംഗീകരിക്കുന്ന ഒരു സത്യവുമാണ്. നമ്മുടെ നാണ്യവിളകളുടെ വിലയിടിവാണ് 1300-ഓളം കൃഷിക്കാരെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിച്ചതെന്ന് നമുക്കെല്ലാവർക്കും അറിയാം. ഗവൺമെന്റ് കണക്കിൽ 218 ആണെങ്കിലും 1330-ഓളം കൃഷിക്കാർ ആത്മഹത്യ ചെയ്തേണ്ട ഗതികേട് ഈ സംസ്ഥാനത്തുണ്ടായി എന്ന വസ്തുത നമുക്ക് നിഷേധിക്കാൻ കഴിയില്ല. നാണ്യവിളകളുടെ വിലയിടിഞ്ഞ അതേസമയത്ത് തന്നെയാണ് നെല്ലിന്റെ വിലയിടിവും ഉണ്ടായിരിക്കുന്നത്. ശ്യാംസുന്ദരൻ നായരുടെ റിപ്പോർട്ടിൽ തന്നെ ഉത്തരേൻഡ്യയിൽ 3.50 രൂപ ഉൽപ്പാദന ചെലവ് വരുമ്പോൾ കേരളത്തിലെ നെല്ലുൽപ്പാദനത്തിന് അഞ്ചേമുക്കാൽ മുതൽ ആറ് രൂപ വരെ ചെലവാകുമെന്ന് പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ട വിഷയം നെല്ല് സംഭരണം തന്നെയാണ്. പക്ഷേ നെല്ല് സംഭരണത്തിന് വേണ്ട ചില തീരുമാനങ്ങളൊക്കെ ഗവൺമെന്റ് പ്രഖ്യാപിക്കുകയും ആ പ്രഖ്യാപനം പോര എന്ന ആവശ്യവുമായി ഞങ്ങൾ പ്രതിപക്ഷകക്ഷി നേതാക്കൾ ഉപവാസം അനുഷ്ഠിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പുണ്ടാക്കി കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും ചില പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. പക്ഷേ ആ പ്രഖ്യാപനം പോലും ഇന്ന് പ്രാവർത്തികമാക്കാൻ നമുക്ക് കഴിയുന്നില്ലെന്നുള്ളത് ഏറ്റവും ദുഃഖകരമായ സംഭവമാണ്. കോട്ടയം ജില്ലയിലെ 'എ' ബ്ലോക്കിൽ ഒൻപതിനായിരം കായൽ, ജഡ്ജി ആറായിരം കായൽ തുടങ്ങിയ പാടശേഖരങ്ങളിൽ 50,000 ക്വിന്റൽ നെല്ല് കെട്ടിക്കിടക്കുന്നുണ്ട്. അതിൽ 1800 ഏക്കറിൽ ഒൻപതിനായിരം പാടശേഖരത്തിൽ 30,000 ക്വിന്റൽ നെല്ലുണ്ട്. അതിൽ 10,000 ക്വിന്റൽ നെല്ല് മാത്രമാണ് ഇപ്പോഴും സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളത്. സംഭരണത്തിൽ വന്നിരിക്കുന്ന അപാകത ഗവൺമെന്റിന്റെ അല്ലെങ്കിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥ കൊണ്ടാണെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല. ഞാൻ ആരെയും കുറ്റപ്പെടുത്താൻ വേണ്ടി പറയുകയല്ല. ഇപ്പോൾ സംഭവിച്ചിരിക്കുന്നത്, വേനൽമഴയും കൃഷിക്കാർക്ക് ശാപമായി മാറിയിരിക്കുന്നു. വേനൽമഴ ആരംഭിച്ചതോടുകൂടി കെട്ടിക്കിടക്കുന്ന നെല്ല് മുഴുവൻ നശിക്കുന്ന സാഹചര്യമുണ്ടായപ്പോൾ സംഭരണം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും വന്നിരിക്കുന്ന അപകടം വിലക്കുറച്ച് 600 രൂപയ്ക്കോ 550 രൂപയ്ക്കോ നെല്ല്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നതിന് വേണ്ടി കച്ചവടക്കാർ കഴുകന്റെ സ്വഭാവത്തോടുകൂടി ഓടിയടുക്കുകയാണ്. സംഭരിക്കാൻ ചുമതലപ്പെട്ട നമ്മുടെ സംഘങ്ങൾ 750 രൂപ ആലപ്പുഴയിലും 740 രൂപ കോട്ടയത്തും അതുപോലെ പാലക്കാട്ടും പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ സംഭരണത്തിൽ ഗവൺമെന്റ് പ്രഖ്യാപിച്ച സംഭരണ വില പൂർണ്ണമായും കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട ഗവൺമെന്റിനോട് വളരെ നിർബന്ധമായും എനിക്ക് ആവശ്യപ്പെടാനുള്ളത്, ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന തറവില കൃഷിക്കാർക്ക് പൂർണ്ണമായും ലഭിക്കാൻ വേണ്ട ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഇപ്പോൾ നമ്മുടെ ഏറ്റവും വലിയ പ്രശ്നം, സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരണവുമായി കടന്നുവരുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ പ്രഖ്യാപനമുണ്ടെങ്കിൽപ്പോലും കൃഷിക്കാരൻ ഇന്ന് അത് വിശ്വസിക്കുന്നില്ല. എഫ്.സി.ഐ. രംഗത്ത് വരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽപ്പോലും അത് കർഷകരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കാൻ കഴിയുന്നില്ല. ഇത് മുതലാക്കിക്കൊണ്ടാണ് പ്രൈവറ്റ് മില്ലുടമകൾ കൃഷിക്കാരെ ചൂഷണം ചെയ്യാൻ വേണ്ടി ഇറങ്ങിയിരിക്കുന്നത്. നമുക്ക് ചെയ്യാവുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്, എഫ്.സി.ഐ. അന്യസംസ്ഥാനങ്ങളിൽ നിന്ന് നെല്ല് കൊണ്ടുവന്ന് നമ്മുടെ കൃഷിക്കാരെ തകർക്കുന്ന നില ഒഴിവാക്കാൻ അന്യസംസ്ഥാനങ്ങളിൽ നിന്ന് നെല്ല് കൊണ്ടുവരുമ്പോൾ അതിന് ഒരു ശതമാനം പ്രവേശന നികുതി ഈടാക്കാൻ, പ്രത്യേകിച്ച് ഫെബ്രുവരി, മാർച്ച് മാസങ്ങളിലെങ്കിലും ഒരു ശതമാനം പ്രവേശന നികുതി ഈടാക്കാനുള്ള, തീരുമാനമെടുത്താൽ ഗുണകരമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അക്കാര്യം ബഹുമാനപ്പെട്ട ഗവൺമെന്റ് ആത്മാർത്ഥമായി ചിന്തിക്കുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ ശ്യാംസുന്ദരൻ നായരുടെ റിപ്പോർട്ടിൽ കൃഷിക്കാർക്ക് 50 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് വയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ആ റിപ്പോർട്ടിൽ എന്ത് നടപടി സ്വീകരിച്ചാലും ഇത് 2005 ആണ്, ആ കാലാവധി കൂടി കണക്കാക്കുമ്പോൾ 200 കോടി രൂപയുടെ പാക്കേജ് നെൽകൃഷിക്കാർക്കുവേണ്ടി പ്രത്യേകമായി ആലോചിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചാൽ അത് കൃഷിക്കാർക്ക് ആശ്വാസമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ കുരുമുളക് സംഭരണം ഇന്നലെ ചോദ്യവും ഉത്തരവും ഇതുസംബന്ധിച്ച് വന്നതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കുരുമുളക് സംഭരണം യഥാർത്ഥത്തിൽ ശരിയായി നടത്താൻ കഴിയുന്നുണ്ടോ? അതിനകത്ത് മാർക്കറ്റിംഗ് ഫെഡറേഷൻ ആത്മാർത്ഥത കാണിച്ചില്ല എന്നൊരു പരാതി എനിക്കുണ്ട്. ഇന്നലെ വിശദമായി സഭയിൽ അത് ചർച്ച ചെയ്തതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. അതുപോലെ അടയ്ക്കയുടെ സംഭരണം, അതും അപകടകരമായ നിലയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. കോട്ടയം ജില്ലയിലെ കൃഷിക്കാർ സ്ഥലം കോട്ടയം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലാണെങ്കിലും കൃഷിക്കാർ കൂടുതലും വന്നിരിക്കുന്നത് ആലപ്പുഴ ജില്ലയിൽ നിന്നാണ്. അവർ കടമെടുക്കുന്നത് ആലപ്പുഴ സംഘത്തിൽ നിന്നാണ്. അതുകൊണ്ടുതന്നെയാണ് അപകടം. ഇപ്പോൾ സംഘങ്ങളൊന്നും എടുക്കാൻ തയ്യാറാകുന്നില്ല; കോട്ടയം ജില്ലയിലെ സംഘങ്ങൾ ഈ നെല്ല് സംഭരിക്കുന്നില്ല. ആലപ്പുഴ ജില്ലയിലെ സംഘങ്ങൾ ഈ നെല്ല് സംഭരിക്കാൻ തയ്യാറാണ്. ഇപ്പോൾ രജിസ്ട്രാർ അനുവാദം കൊടുക്കുന്നില്ല. അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം. ഇത് മുതലാക്കിക്കൊണ്ട് ചില സംഘങ്ങൾ മനഃപൂർവ്വം ഹാന്റ്ലിംഗ് ചാർജ് അടിച്ചുമാറ്റാനുള്ള നീക്കം നടത്തുന്നു. കഴിഞ്ഞ സംഭരണത്തിൽ ഉദ്യോഗസ്ഥൻ മാരുമായി കൂട്ടുച്ചേർന്നുകൊണ്ട് ചില ബോഗസ് സംഘങ്ങൾ കൃഷിക്കാർക്ക് ലഭിക്കേണ്ട പണം കൊള്ളയടിച്ചിട്ടുണ്ട്. ഈ മേഖലയിലേക്ക് ഈ കൊള്ളസംഘം വീണ്ടും കടന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതിന് കൂട്ടുനിൽക്കുമെന്ന് വിശ്വസിക്കുന്നില്ല. ഇക്കാര്യവും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, നെല്ല്, കുരുമുളക്, അടയ്ക്ക സംഭരണത്തേയും കുറിച്ച് ഇപ്പോൾ പത്താമത്തെ പ്രാവശ്യമാണ് ഈ നിയമസഭാ സമ്മേളനത്തിൽ ഞാൻ മറുപടി പറയുന്നത്. നെല്ല് സംഭരണത്തെ സംബന്ധിച്ച് ഇത് എൽ.ഡി.എഫ്. അല്ലെങ്കിൽ ശ്രീ. പി. സി. ജോർജാണ് മൂന്നാമത്തെ പ്രാവശ്യം ചർച്ചനടത്തുന്നത്. നെല്ല് സംഭരണം ജോർജിന്റെ ശ്രമഫലമായിട്ടാണ് ഗവൺമെന്റ് നടത്തുന്നത് എന്ന് വരുത്താനാണ് പറയുന്നതെങ്കിൽ എനിക്ക് വിരോധമില്ല. ഈ ഗവൺമെന്റ് വന്ന വർഷം മുതൽ നെല്ല് സംഭരണം ഫലപ്രദമായി തുടങ്ങി. ഇവർ പറയുന്നതുപോലെ അല്ല. ഈ ഗവൺമെന്റിന്റെ നാലാമത്തെ കൊല്ലമാണ്. ഇതുവരെ സംഭരിച്ചത് 3,94,000 ടൺ നെല്ല് ആണ്. എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് അഞ്ച് കൊല്ലം കൊണ്ട് സംഭരിച്ചത് 3.10 ലക്ഷം ടൺ ആണ്. ഇപ്പോൾത്തന്നെ 84,000 ടൺ കൂടുതൽ സംഭരിച്ചുകഴിഞ്ഞു. നെല്ല് സംഭരണം പരാജയമാണ് കുഴപ്പമാണ് എന്നൊക്കെ പറയുന്നതിൽ അർത്ഥമില്ല ജാള്യത മറച്ചു വയ്ക്കാനാണ്. ഇപ്പോൾ തന്നെ ആലപ്പുഴ ജില്ലയിൽ 49 ഏജൻസികൾ 27,326 ടൺ നെല്ല് സംഭരിച്ചുകഴിഞ്ഞു. മൊത്തത്തിൽ ഈ season-ൽ 35,878,6645 ടൺ നെല്ല് സംഭരിച്ചു. കോട്ടയത്താണ് കുറച്ച് ബുദ്ധിമുട്ടുണ്ടായത്. കോട്ടയത്ത് ഇപ്പോൾ 17 ഏജൻസികൾ നെല്ല് സംഭരിക്കുന്നു. അദ്ദേഹം പറയുന്നത് ആലപ്പുഴയിൽ നിന്നുള്ള ഏജൻസികൾക്ക് നെല്ല് സംഭരണം അങ്ങോട്ട് കൊടുക്കണമെന്നാണ്. ഗവൺമെന്റ് കൃത്യമായി അതാത് ജില്ലകളിലുള്ള ഏജൻസികൾ മാത്രം നെല്ല് സംഭരിച്ചാൽ മതിയെന്ന് തീരുമാനിച്ചിരിക്കുകയാണ്. അദ്ദേഹം അതിന്റെ കൂടെ കൂട്ടിച്ചേർത്തു നെല്ല് സംഭരണത്തിൽ കൃത്രിമം കാണിച്ചുവെന്ന്. ഞാൻ ബ്ലാക്ക് ലിസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തിരിക്കുന്ന ഒരു സൊസൈറ്റിക്ക് നെല്ല് സംഭരണം കൊടുക്കണമെന്നു പറഞ്ഞാണ് എന്നെ കുറ്റപ്പെടുത്തുന്നത്. അത് നോക്കിയിട്ടേ കൊടുക്കാൻ പറ്റുകയുള്ളൂ. സംഭരണം സുതാര്യമായി നടത്തണം. കൃഷിക്കാരന് അർഹമായ പണം കിട്ടണം. അതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് ശരിയാണ് ഈ വക കാര്യങ്ങൾ ഗവൺമെന്റ് എഫ്.സി.ഐ.-യെ ഏൽപ്പിക്കുന്നതിനുള്ള നടപടി എടുത്തുതുടങ്ങി. എഫ്.സി.ഐ. താങ്ങുവില നിശ്ചയിച്ചിരിക്കുന്നത് ഒരു കിലോക്ക് 5.80 രൂപയാണ്. 'A' variety-ക്കാണ് നല്ല വെറൈറ്റിക്ക് 5 രൂപ 80 പൈസയാണ്. കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന വില 7 രൂപ 50 പൈസയാണ്. ശ്രീ. പി. സി. ജോർജ് തന്നെ പറഞ്ഞത് കൃഷിക്കാരന് 6 രൂപ ചെലവാണെന്നാണ്. എങ്കിലും ഒരു കിലോക്ക് 1 രൂപ 50 പൈസ അവർക്ക് കിട്ടത്തക്കവിധത്തിലാണ് വില നിശ്ചയിച്ചിരിക്കുന്നത്. അത് നമുക്ക് എടുക്കാനും കഴിയുന്നില്ല. നെല്ലിന്റെ ഗുണമേന്മയാണ്. കറുത്ത തവിടുള്ള നല്ല അരിയായതുകൊണ്ടാണ് നമുക്ക് നെല്ല് കൂടുതൽ എടുക്കാൻ കഴിയുന്നത്. നെല്ലിന്റെ വില കുറച്ച് എടുക്കത്തക്ക വിധത്തിലുള്ള നടപടികളുണ്ടായി. 'എ' ക്ലാസ്സ് ആയാൽപ്പോലും ഇന്ന് 5 രൂപ 80 പൈസയാണ് FCI വില നിശ്ചയിച്ചിരുന്നത്. കോട്ടയത്ത് സൊസൈറ്റികൾക്കു പുറമെ ചങ്ങനാശ്ശേരി ബിഷപ്പിന്റെ കീഴിലുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റി നെല്ല് സംഭരണത്തിന് അപേക്ഷ തന്നിട്ടുണ്ട്. അവർക്കും സംഭരിക്കാൻ അനുമതി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നെല്ല് സംഭരണം എല്ലായിടത്തും നടക്കുകയാണ്. 35,000-ൽപ്പരം ടൺ നെല്ല് ഇപ്പോൾ എടുത്തുകഴിഞ്ഞു. അടയ്ക്ക സംഭരിക്കുന്നതിന് 10 കോടി രൂപയാണ് ഗവൺമെന്റ് നീക്കി വച്ചിരിക്കുന്നത്. കാംകോ വഴിയാണ് സംഭരിക്കേണ്ടത്. അവർക്ക് 2 കോടി രൂപ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. 10 കോടി അവർക്ക് കൊടുക്കാനുള്ള വിലയുടെ ഡിഫറൻസാണ്. 10 രൂപ ഒരു കിലൊയ്ക്ക് കൂടുതൽ വച്ചുകൊണ്ട് എടുക്കാനാണ് പറഞ്ഞിരിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ 19 കേന്ദ്രങ്ങളിൽ 1726 കർഷകരിൽ നിന്ന് 4061.30 ടൺ അടയ്ക്ക ഇന്നുവരെ സംഭരിച്ചിട്ടുണ്ട്. അതിന്റെ സബ്സിഡി തുകയായി 2 കോടി രൂപ കൊടുത്തിട്ടുണ്ട്. 12 ലക്ഷത്തിൽപ്പരം രൂപ സംഭരിച്ച വകയിൽ ഇപ്പോൾ ബാക്കി കൊടുക്കാനുണ്ട്. അവർ 3 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. അത് കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. അവിടെ ഒരു സ്തംഭനവുമില്ല. മറ്റ് ഏജൻസികൾക്ക് സംഭരണം കൊടുത്തിട്ടില്ല എന്ന് ചില വ്യക്തികൾക്ക് പരാതിയുണ്ട്. ഈ വക കാര്യങ്ങളെല്ലാം ഡിപ്പാർട്ടുമെന്റ് റെക്കമെന്റ് ചെയ്ത് Kamco-ക്ക് കൊടുത്തു. കഴിഞ്ഞ പ്രാവശ്യവും അവർക്കാണ് കൊടുത്തത് അവർക്ക് എല്ലാ സ്ഥലത്തും ഏജൻസിയുണ്ട്. അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് റെക്കമെന്റ് ചെയ്തിട്ടുള്ളവർക്ക് തന്നെയാണ് കൊടുത്തിരിക്കുന്നത്. അടയ്ക്ക സംഭരണത്തിലും ഒരു ബുദ്ധിമുട്ടുമില്ല. അടയ്ക്ക രണ്ടുവിധത്തിലുണ്ട്. കളി അടയ്ക്കയുമുണ്ട്. അത് വയനാട്ടിലാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നതിനുള്ള സംവിധാനം വന്നപ്പോൾ അത് എടുക്കേണ്ട ആവശ്യമില്ല എന്ന് പറഞ്ഞതിനാലാണ് കളി അടയ്ക്ക എടുക്കാതിരുന്നത്. മറ്റ് സ്ഥലങ്ങളിൽ അടയ്ക്ക എടുക്കുന്നുണ്ട്. ഒരു ബുദ്ധിമുട്ടും കൂടാതെ അത് എടുക്കുന്നതിനുള്ള നടപടികളുണ്ടാവും. കുരുമുളക് സംഭരണമാണ് ഒരുപാട് ഒച്ചയും മറ്റും ഉണ്ടാക്കിയത്. കുരുമുളക് സംഭരണത്തിന് 6 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. സംഭരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത് മാർക്കറ്റ് ഫെഡറേഷനെയാണ്. ആദ്യം അവർക്ക് പണത്തിന് കുറച്ച് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അവർക്ക് പണം കൊടുക്കുന്നതിന് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനെ ചുമതലപ്പെടുത്തുകയും അവർ പണം കൊടുക്കാൻ തുടങ്ങുകയും ചെയ്തശേഷം ആ സ്തംഭനം ഒഴിവായിട്ടുണ്ട്. 2 ഹെക്ടർ വരെ ഭൂമിയുള്ള ചെറുകിട കർഷകരിൽ നിന്നും കിലോക്ക് 75 രൂപ നിരക്കിലാണ് സംഭരിക്കുന്നത്. 9-3-2005 വരെ 14,805 കർഷകരിൽ നിന്നായി 2,395.9987 ടൺ കുരുമുളക് സംഭരിച്ചിട്ടുണ്ട്. സംഭരണ കേന്ദ്രങ്ങൾ കുറവാണെന്ന് ആദ്യം പരാതിയുണ്ടായിരുന്നു. ഇപ്പോൾ 46 സംഭരണ കേന്ദ്രങ്ങളിൽക്കൂടി 31,387 പ്രൊഡക്ഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. 40 സംഭരണ കേന്ദ്രങ്ങളിൽക്കൂടി 2395.998 ടൺ കുരുമുളക് സംഭരിക്കുന്നുണ്ട്. ഇതുപോലുള്ള നടപടികൾ ഉണ്ടാകുമ്പോൾ ആദ്യം കുറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരുന്നത് സ്വാഭാവികമാണ്. ഗവൺമെന്റ് വളരെ ബുദ്ധിമുട്ടി പണം ഏതെല്ലാം സോഴ്സിൽ നിന്ന് ഉണ്ടാക്കാമോ അതെല്ലാം നോക്കി. സപ്ലിമെന്ററി ഗ്രാന്റും റീ-അപ്രോപ്രിയേറ്റ് ചെയ്ത് പണമെല്ലാം കൊടുത്ത് നല്ല നിലയിൽ സംഭരണം പോവുകയാണ്. ശ്രീ. പി. സി. ജോർജിന് നിർബന്ധം എന്താണെന്നു വച്ചാൽ അവർ പറഞ്ഞിട്ടാണ് ഇത് നടത്തിയതു എന്നു വരുത്താനുള്ള ശ്രമമാണ്. അതിനാണ് നിരാഹാരം നടത്തിയത്. ഒരു പ്രതിപക്ഷ നേതാവ് നിരാഹാരം നടത്തിയാൽ നമ്മൾ ചർച്ച ചെയ്യേണ്ട എന്നാണോ പറയുന്നത്? അത് ഒഴിവാക്കി അവിടെ നിന്ന് എഴുന്നേൽപ്പിച്ച് വിടാൻ നോക്കി. അതിനു മുമ്പ് സംഭരിക്കാത്തതല്ല. സംഭരണം നല്ലതുപോലെ നടന്നിരുന്നു. ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറായി. അതു മാത്രമാണ്. ആർക്കെങ്കിലും ഇക്കാര്യത്തിൽ ക്രെഡിറ്റുണ്ടെങ്കിൽ അത് ഈ ഗവൺമെന്റിന് മാത്രമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ പറഞ്ഞപ്പോൾ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്. ഉം പറഞ്ഞില്ല. രാഷ്ട്രീയം പറഞ്ഞില്ല. ഒരു മന്ത്രിയാണ്. പ്രായത്തെ ബഹുമാനിക്കുന്നു. ഞാൻ ഇവിടെ രാഷ്ട്രീയം പറഞ്ഞില്ല. കൃഷിക്കാരുടെ കാര്യം പറയുമ്പോൾ അതിൽ രാഷ്ട്രീയം കൊണ്ടുവരരുത്. ഇത് മോശമാണ്. കഴിഞ്ഞ നാല് വർഷക്കാലം ബഹുമാനപ്പെട്ട ഗൗരിയമ്മ മന്ത്രിയാണ്. ഞാൻ നിവേദനങ്ങളുമായി അവരുടെ അടുത്ത് ചെന്നിട്ടില്ല. ഇനി ജീവിതത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പോവുകയുമില്ല. പക്ഷേ അവർ പറയുന്നു അടയ്ക്ക സംഭരണം നടക്കുന്നു, 6 കോടി കൊടുത്തു, 2 കോടി കൊടുത്തു എന്നൊക്കെ. കാംകോയോട് ഇന്നലെ വിളിച്ചു ചോദിച്ചു. അടയ്ക്ക സംഭരണത്തിന് 2 കോടി രൂപ കൊടുത്തിട്ട് ഒരു പൈസപോലും ഇല്ല. അവരുടെ മൂപ തീർന്നു. അവർ ഇന്നലെയോടെ സംഭരണം നിർത്തിയിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട ഗവൺമെന്റിന് അറിയാമോ? അടയ്ക്ക കൃഷിക്കാരെ രക്ഷിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? അതാണ് എന്റെ ചോദ്യം. 2 കോടി രൂപ കൊടുത്തത് തീർന്നു. ബാക്കി പണം കാംകോക്ക് കൊടുക്കാൻ തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ ജോർജിനോട് കുറെക്കൂടി അനുകമ്പ കാണിക്കുകയാണ്. ഇതിൽ എഴുതിയിരിക്കുന്നത് എന്താണെന്നുവച്ചാൽ നിയമസഭയുടെ റൂളിൽ 271-ാമത്തേത് ആണെന്നു തോന്നുന്നു, അതിൽ നിയമസഭയിൽ ചർച്ച ചെയ്ത് അംഗീകരിച്ച പ്രശ്നം പിന്നീടു ചർച്ചയ്ക്ക് എടുക്കാൻ പറ്റുകയില്ല എന്നാണ്. ഇന്നലെ ബഡ്ജറ്റ് പാസ്സാക്കിയതാണ്. ഈ നിയമസഭ ഒരിക്കൽ പാസ്സാക്കിയ ഐറ്റം rule പ്രകാരം ചർച്ചചെയ്യാൻ പറ്റുന്നതല്ല. എങ്കിലും ഞാൻ മറുപടി പറഞ്ഞു കാര്യംകൂടെ കൂടി അറിയട്ടെ തെറ്റിദ്ധാരണ മാറട്ടെ എന്നു കരുതിയാണ് പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്ത് മോഷൻ പാസ്സാക്കിയതാണ്. എന്നിട്ടുപോലും ശ്രീ. പി. സി. ജോർജ് തന്നതിന് ഞാൻ മറുപടി പറഞ്ഞു. അതിൽ എഴുതിയിരിക്കുന്നത് നാണ്യവിളകളായ കുരുമുളക്, കാപ്പി, അടയ്ക്ക, നെല്ല് മുതലായവയുടെ സംഭരണം പരാജയപ്പെട്ടു എന്നാണ്. അപ്പോൾ ഞാൻ അല്പം പൊളിറ്റിക്സ് പറഞ്ഞാൽ എന്താണ് ദോഷം? ഈ ഗവൺമെന്റിനെ കരിവരച്ചു കാണിക്കാൻ ശ്രമിച്ചാൽ ഉള്ളതു പറയണമല്ലോ?

(2) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്ന പരമ്പരാഗത വ്യവസായമേഖല കഴിഞ്ഞ കുറെ വർഷങ്ങളായി അവഗണനയെ നേരിടുകയാണ്. വിദേശ വ്യവസായ നിക്ഷേപങ്ങളുടെ വർണ്ണാഭമായ പ്രഖ്യാപനങ്ങൾക്കിടയിൽ കമ്പ്യൂട്ടർ തന്നെയാണ് അവസാന വാക്ക് എന്ന് വിശ്വസിക്കുന്ന ഒരു ജനസമൂഹം വളർന്നുവരുകയാണ്. ഐ.ടി.-യേയും ബി.ടി.-യേയും ഫുഡ് പ്രോസ്സസ്സിംഗിനേയും കുറിച്ച് പറയുന്നത് ഒരു ഫാഷനാക്കി മാറ്റിയ കുറെ ആളുകൾ നമ്മുടെ സമൂഹത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നു. അതിനിടയിൽ അവഗണിക്കപ്പെടുന്നത് പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളാണ്. കൈത്തറി, കശുവണ്ടി, കയർ, ഈറ്റ, പനമ്പ്, നെയ്ത്ത് എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എല്ലാ പ്രശ്നങ്ങൾ വളരെ സൂക്ഷ്മമായിരിക്കുകയാണ്. ഞാൻ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഈ മേഖലയിൽ കാര്യമായ ഊന്നൽ